# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 489 | 08.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക-സേവന നികുതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൻ.എ.നെല്ലിക്കുന്ന്** | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക-സേവന നികുതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ മരാമത്ത് പണികൾ താറുമാറായി എന്ന വാർത്തയിൽ വസ്തുതയുണ്ടോ; | (എ) യും (ബി) യും | ചരക്ക സേവന നികുതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ മരാമത്ത് പണികൾ താറുമാറായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) | ജി.എസ്.ടി. കണക്കാക്കുന്നതിലെ അവ്യക്തതയാണ് പ്രതിസന്ധിക്കകാരണം എന്ന് കരുതുന്നുണ്ടോ; | | |
| (സി) | പൂർത്തീകരിച്ച പ്രവൃത്തികളുടെ 300 കോടിയിലധികം രൂപയുടെ ബില്ലുകൾ വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവത്തിൽ പാസാക്കാനോ ട്രഷറികളിൽ നൽകാനോ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുന്നത് അതാത് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ ഓഫീസിൽ നിന്നാണ്. പ്രസ്തുത ഓഫീസുകളിൽ നിന്നും ചരക്ക സേവന നികുതി ഈടാക്കുന്നതിനുള്ള അവ്യക്തത സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചി ട്ടില്ല. എന്നാൽ ഉയർന്നുവന്ന ചില അവ്യക്തതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാരെ ചുമതലപ്പെട്ടു ത്തിയിട്ടുണ്ട്. |
| (ഡി) | സർക്കാർ വകുപ്പുകളിലെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ യും പ്രവൃത്തികൾക്ക് ജൂൺ 30 വരെയുള്ള എന്ന നിരക്കിൽ എത്ര ശതമാനമായിരുന്നു നികുതി എന്ന് അറിയിക്കുമോ; | (ഡി) | കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നവർക്ക് സി.എസ്.ടി രജിസ്ട്രേഷൻ ഇല്ലാത്ത കോൺട്രാക്ടർ ആണെങ്കിൽ മൊത്തം കരാർ തുകയുടെ 4% ഉം സി.എസ്.ടി ഉള്ളവർക്ക് 5% ഉം ആണ് നികുതി നിരക്ക്. കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ അല്ലാത്തവർക്ക് ലേബർ |

| | | | |
|---|---|---|---|
| | | | തുക കിഴിച്ച് ബാക്കി തുകയുടെ 14.5% ആണ് നികുതി നിരക്ക്. |
| (ഇ) | ജി.എസ്.ടി. പ്രകാരം ഈ നികുതി വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഇ) | ജി.എസ്.ടി നടപ്പിൽ വരുമ്പോൾ ഉല്പാദന ഘട്ടം മുതൽ അവസാന വില്പന ഘട്ടം വരെ അടയ്ക്കുന്ന എല്ലാ നികുതിക്കും ക്രെഡിറ്റ് ലഭിക്കുമെന്നതിനാൽ മൊത്തം നികുതി നിരക്ക് വാറ്റ് നിരക്കിനേക്കാൾ കുറവാണ്. |
| (എഫ്) | ഏതൊക്കെ വിഭാഗം പ്രവൃത്തികൾക്ക് ഏത് നിരക്കിൽ ജി.എസ്.ടി. ഈടാക്കണമെന്നതിനെക്കുറിച്ച് വ്യക്തമാക്കാമോ; | (എഫ്) | ഓരോ വിഭാഗം പ്രവൃത്തികൾക്കും ഈടാക്കാവുന്ന ജി.എസ്.റ്റി നിരക്ക് ജി.എസ്.റ്റി കൗൺസിൽ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജി.എസ്.റ്റി യിൽ പ്രവൃത്തി കരാറുകൾ സേവനമായി കണക്കാക്കി 18% നികുതിയാവും ചുമത്തേണ്ടി വരുന്നത്. എന്നാൽ 05/08/2017 ൽ ചേർന്ന ജി.എസ്.ടി കൗൺസിൽ സർക്കാർ നൽകുന്ന ചില കരാറു പണികൾക്ക് 12% നികുതി നിരക്ക് ശുപാർശ ചെയ്തിട്ടുണ്ട്. |
| (ജി) | ജൂൺ 30-ന് മുമ്പ് പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകളിൽ എങ്ങനെ നികുതി ഈടാക്കണമെന്ന കാര്യത്തിൽ ആശയക്കുഴപ്പമുണ്ടോ എന്ന് വ്യക്തമാക്കാമോ; ജൂലായ് ഒന്നിനു മുമ്പ് പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ പഴയ നിരക്കിൽ നൽകണമെന്ന കരാറുകാരുടെ ആവശ്യം ഏത് രീതിയിൽ പരിഗണിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ജി) | കേരള ഗുഡ്സ് & സർവ്വീസസ് ടാക്സസ് കമ്മീഷറുടെ 18.07.2017-ലെ സി1-24614/16/സി.റ്റി.ഇ ഓഫീസ് 11137/17 അഡൈ്വസറി-3 പ്രകാരം 30.06.2017-നോ അതിനു മുമ്പോ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ വാറ്റ് അടിസ്ഥാനമാക്കിയാണ് തയ്യാറാക്കേണ്ടത്. അതിനാൽ ഇക്കാര്യത്തിൽ ആശയക്കുഴപ്പമില്ല. |

സെക്ഷൻ ഓഫീസർ